2026
FEBRUARY
04
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## ദേശീയപാത പരിപാലനം

# ഡിജിറ്റൽ സുരക്ഷ ശക്തമാക്കും

**ന്യൂഡൽഹി:** ഡിജിറ്റൽ സുരക്ഷയും ഡാറ്റാ സംരക്ഷണവും കൂടുതൽ ശക്തമാക്കുന്നതിനായി, എൻ.എച്ച്.എ.ഐയുടെ പ്രൊമോട്ടർ കമ്പനിയായ ഇന്ത്യൻ ഹൈവേസ് മാനേജ്മെന്റ് കമ്പനി ലിമിറ്റഡ്, കേന്ദ്ര സ്ഥാപനമായ നാഷണൽ ഫോറൻസിക് സയൻസസ് യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പിട്ടു. സൈബർ ഫോറൻസിക്സ്, ഡിജിറ്റൽ തെളിവുകളുടെ സുരക്ഷ, ദേശീയപാത പരിപാലനവുമായി ബന്ധപ്പെട്ട അത്യാധുനിക സാങ്കേതിക വിദ്യകൾ എന്നിവയിൽ ഗവേഷണം, പരിശീലനം, കൺസൾട്ടൻസി എന്നിവയ്ക്കായി ഇരുസ്ഥാപനങ്ങളും സഹകരിക്കും. ഐ.എച്ച്.എം.സി.എൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ എ.ആർ. ചിത്രാൻഷിയും, എൻ.എഫ്.എസ്.യു ഗാന്ധിനഗർ ക്യാമ്പസ് ഡയറക്ടർ ഡോ. എസ്.ഒ. ജുനാരെയും ഇത് സംബന്ധിച്ച് ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

അറിവ് വർദ്ധിപ്പിക്കൽ, സാങ്കേതിക കരുത്ത് കൈവരിക്കൽ, സ്ഥാപനങ്ങളുടെ ശേഷി വികസനം എന്നിവയിൽ പരസ്പര പ്രയോജനകരമായ അക്കാദമികവും ഗവേഷണപരവുമായ സഹകരണം ലക്ഷ്യമിട്ടാണ് ഇരു ഗവൺമെന്റ് സ്ഥാപനങ്ങളും തമ്മിലുള്ള ഈ ധാരണാപത്രം . ദേശീയപാത പ്രവർത്തനങ്ങളിലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും സൈബർ സുരക്ഷാ ചട്ടക്കൂടുകളും ഫോറൻസിക് വിശ്വാസ്യതയും ഉറപ്പാക്കാൻ ഇത് സഹായിക്കും. ധാരണാപത്രം അനുസരിച്ച്, ഐഎച്ച്എംസിഎല്ലിന് സിസിടിവി, മൾട്ടിമീഡിയ വിശകലനം , ഓഡിയോവീഡിയോ വിശകലനം, സൈബർ ഫോറൻസിക് ലാബുകൾ എന്നിവയുൾപ്പെടെയുള്ള അത്യാധുനിക സാങ്കേതിക സൗകര്യങ്ങളുള്ള ലബോറട്ടറികൾ വികസിപ്പിക്കുന്നതിന് എൻ.എഫ്.എസ്.യു സാങ്കേതിക മാർഗനിർദ്ദേശവും പിന്തുണയും നൽകും. കൂടാതെ, സൈബർ ആന്റ് ഡിജിറ്റൽ ഫോറൻസിക്സ്, മൾട്ടിമീഡിയ വിശകലനം, അനുബന്ധ മേഖലകൾ എന്നിവയിൽ പ്രത്യേക പരിശീലനം നൽകിക്കൊണ്ട് സൈബർ പ്രതിരോധശേഷിയും തെളിവുകളുടെ സമഗ്രതയും ശക്തിപ്പെടുത്തുന്നതിന് സർവകലാശാല ഐഎച്ച്എംസിഎല്ലിനെ പിന്തുണയ്ക്കും.

മൾട്ടിലെയ്ൻ ഫ്രീ ഫ്ളോ , അഡ്വാൻസ്ഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റംസ്, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ, ട്രാഫിക് മാനേജ്മെന്റ് സിസ്റ്റംസ്, വെയ്ഇൻമോഷൻ എന്നീ മേഖലകളിലായിരിക്കും പ്രധാനമായും സഹകരണം ഉറപ്പാക്കുക. കൂടാതെ, സുരക്ഷിതമായ ക്യാമറ അധിഷ്ഠിത ഇമേജിംഗ് സംവിധാനം, എൻക്രിപ്റ്റ് ചെയ്ത ഡാറ്റാ സംഭരണം, നിർണായക ആപ്ലിക്കേഷനുകളിലെ സൈബർ സുരക്ഷാ അവലോകനങ്ങൾ, തെളിവുകളുടെ സമഗ്രതയും ഫോറൻസിക് വിശ്വാസ്യതയും, ഇമേജിംഗ് കൃത്യതയുടെ ശാസ്ത്രീയ മെച്ചപ്പെടുത്തൽ, സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ സേവനങ്ങൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

ഇരു സ്ഥാപനങ്ങളും സംയുക്തമായി പരസ്പര താൽപ്പര്യമുള്ള മേഖലകളിൽ ഗവേഷണ വികസന പദ്ധതികൾ, കൺസൾട്ടൻസി പ്രോജക്ടുകൾ എന്നിവ ഏറ്റെടുക്കും. പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ ഓരോ സ്ഥാപനവും കോർഡിനേറ്റർമാരെ നാമനിർദ്ദേശം ചെയ്യും. മൂന്ന് വർഷത്തേക്കാണ് ധാരണാപത്രത്തിന്റെ കാലാവധി. രാജ്യത്ത് അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ദേശീയപാത അടിസ്ഥാന സൗകര്യങ്ങൾക്ക് കരുത്തുറ്റതും സുരക്ഷിതവുമായ ഡിജിറ്റൽ സംവിധാനം ഒരുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് സഹകരണമെന്നും എൻ.എച്ച്.എ.ഐ അധികൃതർ വ്യക്തമാക്കി

# സന്തോഷ് ട്രോഫി: കേരളം സെമിയിൽ

**സിലപത്തർ (അസം):** ആതിഥേയരായ അസമിനെ ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്ക് തകർത്ത് കേരളം സന്തോഷ് ട്രോഫി ഫുട്ബോളിന്റെ സെമി ഫൈനലിൽ പ്രവേശിച്ചു. സിലാപത്തറിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ തുടക്കം മുതൽ സമ്പൂർണ്ണ ആധിപത്യം പുലർത്തിയാണ് കേരളത്തിന്റെ കുതിപ്പ്. മത്സരത്തിന്റെ തുടക്കം മുതൽ ആക്രമിച്ചു കളിച്ച കേരളം 17ാം മിനിറ്റിൽ തന്നെ ലീഡെടുത്തു. കോർണറിൽ നിന്ന് ലഭിച്ച പന്ത് കൃത്യമായി വലയിലെത്തിച്ച് ക്യാപ്റ്റൻ എം. മനോജാണ് ഗോൾവേട്ടയ്ക്ക് തുടക്കമിട്ടത്. ആദ്യ പകുതിയുടെ അവസാന നിമിഷത്തിൽ (45') മുഹമ്മദ് അജ്സലിലൂടെ കേരളം രണ്ടാം ഗോളും കണ്ടെത്തി. മനോഹരമായ ഒരു ടീം ഗെയിമിനൊടുവിലായിരുന്നു ഈ ഗോൾ.

രണ്ടാം പകുതിയിൽ തിരിച്ചടിക്കാൻ അസം കിണഞ്ഞു ശ്രമിച്ചെങ്കിലും കേരളത്തിന്റെ പ്രതിരോധക്കോട്ടയും ഗോൾകീപ്പർ ഹജ്മലും ഉറച്ചുനിന്നു. മത്സരത്തിന്റെ ഇൻജുറി ടൈമിൽ (92') സജീഷിന്റെ പാസിൽ നിന്നും അബൂബക്കർ ദിൽഷാദ് കേരളത്തിന്റെ മൂന്നാം ഗോൾ നേടി പട്ടിക തികച്ചു. വ്യാഴാഴ്ച്ച നടക്കുന്ന സെമി ഫൈനലിൽ കരുത്തരായ പഞ്ചാബാണ് കേരളത്തിന്റെ എതിരാളികൾ.തമിഴ്നാടിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ (4-1) പരാജയപ്പെടുത്തിയാണ് പഞ്ചാബ് സെമിയിലെത്തിയത്. എട്ടാം കിരീടം ലക്ഷ്യമിടുന്ന കേരളത്തിന് പഞ്ചാബുമായുള്ള സെമി പോരാട്ടം നിർണ്ണായകമാകും. മറ്റൊരു ക്വാർട്ടറിൽ രാജസ്ഥാനെ തോൽപ്പിച്ച റെയിൽവേസും സെമിയിൽ കടന്നിട്ടുണ്ട്.

# എം.എസ്.എം.ഇ ക്ലിനിക് നാളെ

**കൊച്ചി:** എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും കണയന്നൂർ താലൂക്ക് വ്യവസായ ഓഫീസിന്റെയും സംയുക്താഭിമുഖ്യത്തിൽ സംരംഭകർക്കായി എം.എസ്.എം.ഇ ക്ലിനിക് സംഘടിപ്പിക്കുന്നു. നാളെ രാവിലെ 10 ന് ജില്ലാ പഞ്ചായത്ത് ഹാളിലാണ് പരിപാടി.

സംരംഭകർക്കും/സംരംഭം ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കും അവരുടെ സംരംഭത്തെ സംബന്ധിക്കുന്ന മാർക്കറ്റിങ്, ജി എസ് ടി, എക്സ്പോർട്ട്, ബിസിനെസ്സ് നിയമം/ ലൈസൻസുകൾ, ബ്രാൻഡിംഗ്, ഐപിആർ, എ ഐ സാധ്യതകൾ, ബാങ്കിംഗ് തുടങ്ങിയ വിവിധ മേഖലകളിൽ വിദഗ്ധരുമായി നേരിട്ട് സംവദിക്കാം.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് അവസരം.

# മൽസരയോട്ടം നടത്തിയാൽ പിടിവീഴും; സ്വകാര്യ ബസുകളിൽ ഷാഡോ പോലീസ്

**കൊച്ചി:** മൽസരയോട്ടം ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ അവസാനിപ്പിക്കുന്നതിന് സ്വകാര്യബസുകളിൽ ഷാഡോ പോലീസിനെ വിന്യസിപ്പിച്ചു തുടങ്ങിയതായി ജില്ലാ പോലീസ് മേധാവി (കൊച്ചി സിറ്റി) മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. സ്വകാര്യ ബസ് ജീവനക്കാർ നടത്തുന്ന നിയമലംഘനങ്ങൾ കണ്ടെത്താൻ ഷാഡോ പോലീസ് മാതൃകയിൽ സിവിൽ ഡ്രസ് ധരിച്ച മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരെ സ്വകാര്യ ബസുകളിൽ വിന്യസിപ്പിക്കുന്നത് പരിഗണയിലാണെന്ന് എറണാകുളം ആർ.റ്റി.ഒയും കമ്മീഷനെ അറിയിച്ചു. കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് 2026 ജനുവരി 14 ന് നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി. കൊച്ചി സിറ്റി പരിധിയിൽ നടക്കുന്ന ട്രാഫിക് നിയമലംഘനങ്ങൾ വിലയിരുത്താൻ പോലീസ്, ആർ.റ്റി.ഒ, നഗരസഭ ഉദ്യോഗസ്ഥരുടെ യോഗം ജില്ലാ കളക്ടർ വിളിച്ചു ചേർത്തതായി മോട്ടോർ വാഹന വകുപ്പ് കമ്മീഷനെ അറിയിച്ചു. സ്വകാര്യ ബസ് ജീവനക്കാർ ലഹരി ഉപയോഗിക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ്, പോലീസ് എന്നിവരുടെ സംയുക്ത പരിശോധനാവേളയിൽ എക്സൈസ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം മോട്ടോർ വാഹന വകുപ്പ് കമ്മീഷനിൽ സമർപ്പിച്ചു.

ലഹരിയുപയോഗം കർശനമായി തടയുന്നതിന് പരിശോധനാവേളയിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കണമെന്ന് കമ്മീഷൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകി. പോലീസ്, മോട്ടോർ വാഹന വകുപ്പിന്റെ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് (എറണാകുളം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ജോയിന്റ് എക്സൈസ് കമ്മീഷണർക്കും കൈമാറണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു. പോലീസ്, മോട്ടോർ വാഹനം, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജോയിന്റ് എക്സൈസ് കമ്മീഷണർ എന്നിവരുടെ യോഗം ജില്ലാ പോലീസ് മേധാവി (സിറ്റി) വിളിച്ച് ആവശ്യമായ നിർദ്ദേശം പൊതുമരാമത്ത്, എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. റോഡ് തകരാർ പരിഹരിക്കുക, കാൽനടയാത്രക്കാർ ഉൾപ്പെടെയുള്ള യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുന്നറിയിപ്പുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പൊതുമരാമത്ത് ഉദ്യോഗസ്ഥർ ഏകോപിപ്പിക്കണം.

സ്വകാര്യ ബസ് ജീവനക്കാരുടെ ലഹരി ഉപയോഗം കണ്ടെത്തുന്നതിന് എക്സൈസ് പ്രത്യേക പരിശോധനകൾ നടത്തണം. സ്വീകരിച്ച നടപടികൾ പൊതുമരാമത്ത്, എക്സൈസ് ഉദ്യോഗസ്ഥർ 3 ആഴ്ചക്കകം കമ്മീഷനിൽ സമർപ്പിക്കണം.എ.സി.പി. (ട്രാഫിക്), ജോയിന്റ് ആർ.ടി.ഒ, റോഡ് സുരക്ഷാ കമ്മീഷണറുടെ പ്രതിനിധി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്), ജോയിന്റ് എക്സൈസ് കമ്മീഷണറുടെ പ്രിതിനിധി എന്നിവർ മാർച്ച് 3 ന് രാവിലെ 10 ന് പത്തടിപ്പാലം റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ ഹാജരാകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.



# ഇന്നത്തെ പരിപാടി

## കൊച്ചി

- **കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം :** വനിത ഉത്സവ് 2026 - ഉച്ചയ്ക്ക് ഒരു മണി മുതൽ

- **എസ് എച്ച് കോളേജ് തേവര :** ഡിസൈൻ ഫെസ്റ്റിവൽ 2026 - രാവിലെ 10ന്.

## കളമശ്ശേരി

- **കളമശ്ശേരി കുസാറ്റ് ട്രാഫിക് ജംങ്ഷൻ :** സ്മാർട്ട് ട്രാഫിക് ഉദ്ഘാടനം ലയൺസ് ഇന്റർനാഷണൽ പ്രസിഡന്റ് എ പി സിങ് - ഉച്ചയ്ക്ക് 2ന്.

## കോതമംഗലം

- **മലയിൻകീഴ് ബൈപാസ് ഗ്രൗണ്ട് :** കാർഷികോത്സവം - സെമിനാർ - ഉച്ചയ്ക്ക് 3 ന്

## ചേരാനെല്ലൂർ

- **ചേരാനെല്ലൂർ ഗവ. എൽ പി സ്കൂൾ :** താൽക്കാലിക അധ്യപക ഒഴിവുകളിലേക്കുള്ള അഭിമുഖം - രാവിലെ 10 ന്.

## പുത്തൻകുരിശ്

- **പുത്തൻകുരിശ് പാത്രിയർക്കാ സെന്റർ :** വൈദികരുടെ ദ്വിദിന ക്യാമ്പ് - രാവിലെ 10ന്.

# റോറോ ജങ്കാർ ബാർജിൽ ഇടിച്ച് അപകടം : സുരക്ഷിത ഗതാഗതം ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** വൈപ്പിൻ -ഫോർട്ടുകൊച്ചി റോറോ ജങ്കാർ കൊച്ചി അഴിമുഖത്ത് ബാർജിൽ ഇടിച്ച സംഭവത്തിന്റെ പശ്ചാലത്തിൽ കൊച്ചി തുറമുഖ പരിധിക്കുള്ളിൽ യാനങ്ങളുടെ സുരക്ഷിതമായ ഗതാഗതം ഉറപ്പാക്കുന്നതിനായി കൊച്ചി പോർട്ട് ട്രസ്റ്റ് ബന്ധപ്പെട്ടവരുടെ യോഗം അടിയന്തരമായി വിളിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടു. കപ്പലുകളുടെയും യാനങ്ങളുടെയും സുരക്ഷിതമായ ഗതാഗതം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട നിയമങ്ങൾ കർശനമായി നടപ്പാക്കേണ്ടത് അനിവാര്യമാണെന്നും കമ്മീഷൻ നിരീക്ഷിച്ചു. കപ്പലുകൾക്കും മത്സ്യബന്ധന യാനങ്ങൾക്കുമിടയിലൂടെയുള്ള റോറോ ജങ്കാറുകളുടെ സാഹസികയാത്ര കാരണമുണ്ടാകുന്ന അപകടങ്ങളെ കുറിച്ചുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.

കൊച്ചി വാട്ടർ മെട്രോ, സംസ്ഥാന ജലഗതാഗത വകുപ്പ്, റോറോ ജങ്കാർ, ബാർജുകൾ, കപ്പൽ, മത്സ്യബന്ധന യാനങ്ങൾ, ടൂറിസ്റ്റ് ബോട്ടുകൾ, യാത്രാ ബോട്ടുകൾ തുടങ്ങിയവ നിരന്തരം സഞ്ചരിക്കുന്ന വൈപ്പിൻ ജെട്ടിക്കും ഫോർട്ട് കൊച്ചി ജെട്ടിക്കുമിടയിലുള്ള സ്ഥലം കൊച്ചിൻ പോർട്ട് അതോറിറ്റിയുടെ (കൊച്ചിൻ പോർട്ട് ട്രസ്റ്റ്) ഉടമസ്ഥതയിലുള്ളതാണെന്നും ഇവിടെ സുഗമവും സുരക്ഷിതവുമായ യാത്രാ സൗകര്യം ഒരുക്കേണ്ടതിന്റെ നിയമപരമായ ബാധ്യത കൊച്ചിൻ പോർട്ട് അതോറിറ്റിക്കാണെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. റോറോ ജങ്കാർ ബാർജിൽ ഇടിച്ച സ്ഥലം കൊച്ചിൻ പോർട്ട് അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതോണോ എന്ന് ഡപ്യൂട്ടി കൺസർവേറ്റർ ഓഫ് പോർട്സും കൊച്ചിൻ പോർട്ട് അതോറിറ്റി ട്രാഫിക് മാനേജരും സ്ഥിരീകരിക്കണം. ടൂറിസ്റ്റ് ബോട്ട്, യാത്രാ ബോട്ട്, കൊച്ചി വാട്ടർ മെട്രോ, ജലഗതാഗത വകുപ്പ്, മത്സ്യബന്ധനയാന ഉടമകളുടെ പ്രതിനിധി, കേരള സംസ്ഥാന ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ, റോറോ ജങ്കാറുകളുടെ ഉടമസ്ഥരായ കൊച്ചി നഗരസഭ, സംസ്ഥാന മാരിടൈം ബോർഡ്, ജില്ലാ പോലീസ് മേധാവി (കൊച്ചി സിറ്റി) തുടങ്ങിയവരുടെ യോഗം ഡപ്യൂട്ടി കൺസർവേറ്റർ ഓഫ് പോർട്ട്സ് വിളിച്ച് സുരക്ഷിത യാത്രയ്ക്ക് ആവശ്യമായ നടപടികൾ ചർച്ച ചെയ്യണമെന്ന് ജസ്റ്റിസ് അലക്സാർ തോമസ് ആവശ്യപ്പെട്ടു.

യോഗതീരുമാനങ്ങൾ പോർട്ട് കൺസർവേറ്റർ ഒരു മാസത്തിനുള്ളിൽ കമ്മീഷനെ അറിയിക്കണം. റോറോ ജങ്കാറുകളുടെ നടത്തിപ്പുകാരായ കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ എം.ഡി/സി.ഇ.ഒ, കൊച്ചി നഗരസഭാ സെക്രട്ടറി, ജില്ലാ പോലീസ് മേധാവി, കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ ഒരു മാസത്തിനകം റിപ്പോർട്ടുകൾ സമർപ്പിക്കണം. മാർച്ച് 3 ന് രാവിലെ 10 ന് പത്തടിപ്പാലം പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രതിനിധികൾ ഹാജരാകണമെന്നും ഉത്തരവിൽ പറഞ്ഞു.

ജനുവരി 23 ന് രാത്രിയാണ് റോറോ സർവ്വീസ് അപകടത്തിൽപെട്ടത്. രാത്രി ഏഴരക്ക് വൈപ്പിനിൽ നിന്ന് ഫോർട്ട് കൊച്ചിക്ക് പുറപ്പെട്ട റോറോയിൽ ബാർജ് വന്നിടിക്കുകയായിരുന്നു. കടലിൽ നിന്ന് കയറി വന്ന ബാർജിൽ വെളിച്ചം കുറവായിരുന്നുവെന്നും സിഗ്നലുകൾ നൽകിയില്ലെന്നും പരാതിയുണ്ട്.

# പാചകവാതക വിലവർധനവ് ഹോട്ടൽ മേഖലയെ തകർക്കും: കെ.എച്ച്.ആർ.എ.

**കൊച്ചി :** രാജ്യത്ത് വാണിജ്യ പാചകവാതക സിലിണ്ടറുകളുടെ വില വീണ്ടും വർദ്ധിപ്പിച്ചത് കേരളത്തിൽ ഹോട്ടൽ വ്യവസായത്തെ കടുത്ത പ്രതിസന്ധിയിലാക്കുമെന്ന് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ . സിലിണ്ടറിന് ഒറ്റയടിക്ക് 49 രൂപ വർദ്ധിപ്പിച്ച നടപടി ഒരുതരത്തിലും അംഗീകരിക്കാനാവില്ല. കഴിഞ്ഞമാസവും പാചകവാതകത്തിന് വിലവർദ്ധിപ്പിച്ചിരുന്നു. വിലവർദ്ധനവ് ഹോട്ടൽ റസ്റ്റോറന്റ്, ബേക്കറി, കാറ്ററിംഗ് യൂണിറ്റുകളുടെ പ്രവർത്തന ചെലവ് കൂത്തനെ കൂട്ടും. നിത്യോപയോഗസാധനങ്ങളുടേയും പച്ചക്കറികളുടേയും വിലക്കയറ്റത്തിനു പുറമെ പാചകവാതക വിലയും വർദ്ധിപ്പിച്ചത് ഹോട്ടൽ മേഖലയെ തകർക്കും. ഈ മേഖലയുമായി നേരിട്ടും അല്ലാതേയും പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടേയും, ചെറുകിട സംരംഭകരെയും ദോഷകരമായി ബാധിക്കുന്ന തീരുമാനമാണ് പാചകവാതക വിലവർദ്ധനവ്. അന്യായമായി വർദ്ധിപ്പിച്ച പാചകവാതക വില പിൻവലിക്കുവാൻ കേന്ദ്രസർക്കാർ അടിയന്തിരമായി ഇടപെടണമെന്നും, അല്ലാത്ത പക്ഷം ശക്തമായ സമര പരിപാടികളുമായി മുന്നോട്ടുപോകുമെന്നും സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും, ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖും അറിയിച്ചു.

# ഉപഭോക്തൃ അവകാശങ്ങളെ സംബന്ധിച്ച് വിദ്യാർഥികൾക്ക് അവബോധം നൽകണം



**കൊച്ചി :** ഉപഭോക്തൃ സംരക്ഷണത്തെ കുറിച്ചുള്ള അവബോധം ആദ്യം നൽകേണ്ടത് വിദ്യാർത്ഥികൾക്കാണെന്നും, അതിലൂടെ വീടുകളിൽ ആ സന്ദേശം എത്തിചേരുമെന്ന് കൊച്ചി മേയർ അഡ്വ. വി.കെ മിനിമോൾ അഭിപ്രായപ്പെട്ടു. സംസ്ഥാന പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ ഉപഭോക്തൃ ദിനാഘോഷത്തിന്റെ ജില്ലാതല ഉദ്ഘാടനം എറണാകുളം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മേയർ. 'ഡിജിറ്റൽ നീതിയിലൂടെ കാര്യക്ഷമമായ അതിവേഗ പരാതി പരിഹാരം' എന്ന പ്രമേയത്തിലൂന്നിയാണ് ഈ വർഷത്തെ പരിപാടികൾ സംഘടിപ്പിച്ചത്.

ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി.ബി. ബിനു ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഉപഭോക്തൃ കമ്മീഷനിൽ നിന്നും അനുകൂല വിധി സമ്പാദിച്ച ഉപഭോക്താക്കളെയും, എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ ഹരിത സ്ഥാപനമായി പ്രഖ്യാപിക്കുന്നതിൽ നിർണായക പങ്കുവഹിച്ച ഹരിത കേരളം മിഷൻകൊച്ചി കോർപറേഷൻ കോർഡിനേറ്റർ നിസ്സ നിഷാദിനെയും വേദിയിൽ ആദരിച്ചു. 'ഉപഭോക്തൃ അവകാശവും ഡിജിറ്റൽ നീതിയിലൂടെ കാര്യക്ഷമമായ അതിവേഗ പരാതി പരിഹാരവും' എന്ന വിഷയത്തിൽ സ്റ്റേറ്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ മെമ്പർ അഡ്വ. ജെ. സൂര്യ ക്ലാസ് നയിച്ചു. ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉപഭോക്തൃ ക്ലബ് അംഗങ്ങളായ വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു.

# യുവജനങ്ങളുടെ ജീവിത ശൈലീമാറ്റം: ശാസ്ത്രീയ പഠനം തുടങ്ങി യുവജന കമ്മീഷൻ

**കൊച്ചി:** യുവജനങ്ങളിലെ ജീവിത ശൈലീ മാറ്റങ്ങളെയും മാനസിക ക്ഷേമത്തെയും സംബന്ധിച്ച് ശാസ്ത്രീയ പഠനത്തിന് തുടക്കം കുറിച്ചതായി യുവജന കമ്മീഷൻ ചെയർപേഴ്സൺ എം. ഷാജർ പറഞ്ഞു. പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ജില്ലാതല അദാലത്തിൽ സംസാരിക്കുകയായിരുന്നു ചെയർപേഴ്സൺ.

KERALA STATE YOUTH COMMISSION

യുവജനങ്ങളുടെ സ്വഭാവത്തിലെ മാറ്റം, വിവാഹ ജീവിതത്തിലും വ്യക്തി ജീവിതത്തിലും വളരുന്ന സംഘർഷം, അവ പരിഹരിക്കാൻ തയ്യാറാകാത്ത മാനസികാവസ്ഥ, വർധിക്കുന്ന ലഹരി ഉപയോഗം, മദ്യപാനം, ആഹാര ക്രമങ്ങൾ, ഡിജിറ്റൽ വിനിമയങ്ങൾ എന്നിങ്ങനെ വിവിധ ഘടകങ്ങളാണ് പഠന വിധേയമാക്കുന്നത്. സംസ്ഥാനത്തെ വിവിധ കോളേജുകളിലെ എം.എസ്.ഡബ്ല്യു, എം.എസ്.സി സൈക്കോളജി വിദ്യാർത്ഥികളുടെയും മാനസികാരോഗ്യ വിദഗ്ധരുടെയും സഹായത്തോടെയാണ് പഠനം നടത്തുക. ഇതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കും.

യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കാനുള്ള വിവിധങ്ങളായ പദ്ധതികളും ലഹരിക്കെതിരായി യുവജന പ്രാധാന്യമുള്ള ഇടങ്ങൾ കേന്ദ്രീകരിച്ച് നിരവധി ക്യാമ്പയിനുകളും നടപ്പിലാക്കുന്നുണ്ട്. സൗജന്യ നിയമ സഹായത്തിനായി 18001235310 എന്ന ടോൾഫ്രീ നമ്പർ യുവജനകമ്മീഷന്റെ നേതൃത്വത്തിൽ ഒരുക്കിയിട്ടുണ്ടെന്നും ചെയർപേഴ്സൺ പറഞ്ഞു.

അദാലത്തിൽ 30 പരാതികൾ പരിഗണിച്ചു. 16 എണ്ണം തീർപ്പാക്കി. 14 പരാതികൾ അടുത്ത അദാലത്തിലേക്ക് മാറ്റി. പുതിയതായി 6 പരാതികൾ ലഭിച്ചു. വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ശമ്പള കുടിശ്ശിക, സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ, സ്വകാര്യ സ്ഥാപനത്തിലെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, സൈബർ തട്ടിപ്പ്, പി.എസ്.സി നിയമനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചു.

അദാലത്തിൽ കമ്മീഷൻ അംഗങ്ങളായ അഡ്വ. അബേഷ് അലോഷ്യസ്, പി സി വിജിത, പി പി രൺദീപ്, സെക്രട്ടറി ദീപാ സുരേന്ദ്രൻ, അസിസ്റ്റന്റ് പി അഭിഷേക് എന്നിവർ പങ്കെടുത്തു.

# കൊച്ചി മാരത്തണുമായി പങ്കാളിത്തം പ്രഖ്യാപിച്ച് കൊച്ചി കോർപ്പറേഷൻ

**കൊച്ചി:** ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണുമായി കൈകോർത്ത് കൊച്ചി കോർപ്പറേഷൻ. നഗരത്തെ ലോകോത്തര കായിക ഭൂപടത്തിൽ അടയാളപ്പെടുത്തുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണുമായി സഹകരിക്കുന്നതിൽ സന്തോഷമുന്നെ് മേയർ വി.കെ മിനിമോൾ പറഞ്ഞു. കൊച്ചി മാരത്തൺ നഗരത്തിന്റെ ഒരു സ്ഥിരം സാംസ്കാരിക അടയാളമായി മാറിക്കഴിഞ്ഞെന്നും നഗരസഭയുടെ സഹകരണം ഈ പരിപാടിയുടെ വിജയത്തിനായി ഉാകുമെന്നും അവർ വ്യക്തമാക്കി. നഗരവാസികളുടെ ജീവിതശൈലിയിൽ മാറ്റം വരുത്തുവാനും ആരോഗ്യപൂർണമായ സമൂഹത്തെ വാർത്തെടുക്കുവാനും ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ വഴിയൊരുക്കും. യുവതലമുറയെ ലഹരിയിൽ നിന്ന് മോചിപ്പിക്കുവാനും പ്രായഭേദമന്യെ എല്ലാവരുടെയും മാനസിക ആരോഗ്യം മെച്ചപ്പെടുത്തുവാനും മാരത്തണിലൂടെ കഴിയുമെന്നും മേയർ പറഞ്ഞു.



ഷൂട്ട് @സൈറ്റ്



**ഭീമാകാരം.......** കൊച്ചി സി.എം.എഫ്.ആർ.ഐ യിൽ ആരംഭിച്ച കടൽ ജീവികളെ കുറിച്ചുള്ള ഓപ്പൺ ഹൗസ് പ്രദർശനത്തിൽ വച്ചിട്ടുള്ള കൂറ്റൻ നീല തിമിംഗലത്തിന്റെ അസ്ഥികൂടം കൗതുകപൂർവ്വം നോക്കുന്ന വിദ്യാർത്ഥികൾ.

ഫോട്ടോ : എ. എസ് സതീഷ്

# ആഴക്കടൽ കാഴ്ചകളുടെ വിസ്മയ ലോകം ; കൗതുകമായി ഭീമൻ തിമിംഗലത്തിന്റെ അസ്ഥികൂടം

**■ കടലിൽ തിമിംഗലങ്ങളും ഡോൾഫിനുകളും പുറപ്പെടുവിക്കുന്ന വൈവിധ്യമായ ശബ്ദവീചികൾ മ്യൂസിയത്തിൽ അവതരിപ്പിച്ചത് കാണികൾക്ക് നവ്യാനുഭവമായി**

**കൊച്ചി:** ആഴക്കടൽ കാഴ്കളുടെ വിസ്മയ ലോകം തുറന്നിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ഓപൺ ഹൗസ് പ്രദർശനം. കടലിലെ ഭീമനായ ബ്രൈഡ്സ് തിമിംഗലത്തിന്റെ 14 മീറ്റർ നീളമുള്ള അസ്ഥികൂടം പ്രദർശിപ്പിച്ച മറൈൻ മെഗാഫോണ മ്യൂസിയമായിരുന്നു പ്രധാന ആകർഷണം. കടലിൽ തിമിംഗലങ്ങളും ഡോൾഫിനുകളും പുറപ്പെടുവിക്കുന്ന വൈവിധ്യമായ ശബ്ദവീചികൾ മ്യൂസിയത്തിൽ അവതരിപ്പിച്ചത് കാണികൾക്ക് നവ്യാനുഭവമായി. സിഎംഎഫ്ആർഐയുടെ 79ാമത് സ്ഥാപകദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രദർശനം കാണാൻ വിദ്യാർത്ഥികളും കുടുംബങ്ങളും ഉൾപ്പെടെ വൻ ജനത്തിരക്കാണ് അനുഭവപ്പെട്ടത്.

നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യനോഗ്രാഫിക് ലബോറട്ടറി ഡയറക്ടർ ഡോ ദുവ്വൂരി ശേഷാഗിരി ഓപൺ ഹൗസ് പ്രദർശനം ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. കടൽ സസ്തനികളുടെ പ്രാധാന്യം, അവയുടെ സംരക്ഷണം എന്നിവയെക്കുറിച്ച് ശാസ്ത്രജ്ഞർ സന്ദർശകർക്ക് വിശദീകരിച്ചു നൽകി. നാഷണൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയത്തിലെ സൺ ഫിഷ്, ഓർ ഫിഷ് എന്നിവ പ്രത്യേക ശ്രദ്ധ നേടി. ഇവയ്ക്ക് പുറമെ ഭീമൻ കക്ക, തിമിംഗല സ്രാവ്, ചക്രവർത്തി മത്സ്യം തുടങ്ങി അപൂർവ്വമായ ഒട്ടേറെ കടൽ ജീവികളുടെ ശേഖരം സന്ദർശകർക്ക് പുത്തൻ അനുഭവമായി. വിവിധ ഗവേഷണ വിഭാഗങ്ങളുടെ കീഴിൽ സ്രാവുകൾ, തിരണ്ടികൾ, വിവിധയിനം മത്സ്യങ്ങൾ, ചെമ്മീൻ, കൊഞ്ച്, കണവ, മുത്തുചിപ്പി എന്നിവയുടെ വിപുലമായ പ്രദർശനം ഒരുക്കിയിരുന്നു. മാരിക്കൾച്ചർ സാങ്കേതികവിദ്യകൾ, പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവയും പ്രദർശനത്തിലുണ്ടായിരുന്നു.

സമുദ്ര പരിസ്ഥിതി നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും സുസ്ഥിര മത്സ്യബന്ധനത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തുന്ന പ്രദർശനങ്ങളുമുണ്ടായിരുന്നു. പ്രദർശനത്തോടനുബന്ധിച്ച് കാർഷിക അനുബന്ധ മേഖലകളിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് ശിൽപശാല സംഘടിപ്പിച്ചു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജും മറ്റ് ശാസ്ത്രജ്ഞരും വിദ്യാർത്ഥികളുമായി നേരിട്ട് സംവദിച്ചു. മോളിക്യുലാർ ബയോളജി, ബയോപ്രോസ്പെക്റ്റിംഗ്, സെൽ കൾച്ചർ, ഫിഷറി ബയോളജി, പരിസ്ഥിതി ഗവേഷണം, കാലാവസ്ഥാ വ്യതിയാനം, സമുദ്ര അമ്ലീകരണം തുടങ്ങിയ ലബോറട്ടറികൾ, ഹാച്ചറികൾ, ലൈബ്രറി, പട്ടാളപുഴു ഉപയോഗിച്ചുള്ള മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവ പൊതുജനങ്ങൾക്ക് കാണാനായി തുറന്നുകൊടുത്തിരുന്നു.

# 'റെൻഡർ 2026' ഡിസൈൻ ഫെസ്റ്റിവലിന് ഇന്ന് തുടക്കം

**കൊച്ചി:** തേവര സേക്രഡ് ഹാർട്ട് കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഡിസൈനിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കേരളത്തിലെ ആദ്യത്തെ ഡിസൈൻ ഫെസ്റ്റിവലായ 'റെൻഡർ 2026' ഇന്ന് മുതൽ 7 വരെ കോളേജ് കാമ്പസിൽ വെച്ച് നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പഴയകാല പഠനരീതികളിൽ നിന്ന് മാറി, വ്യവസായ ലോകവുമായി നേരിട്ട് ബന്ധിപ്പിക്കുന്ന പ്രായോഗിക പഠനരീതികളിലേക്കാണ് നമ്മുടെ വിദ്യാഭ്യാസ രംഗം മാറിക്കൊണ്ടിരിക്കുന്നതെന്നും 'റെൻഡർ 2026' പോലുള്ള മേളകൾ വിദ്യാർത്ഥികൾക്ക് ക്ലാസ് മുറികൾക്ക് പുറത്തുള്ള വലിയൊരു തൊഴിൽ ലോകത്തെ പരിചയപ്പെടാനും നൂതന ഡിസൈൻ ആശയങ്ങൾ നേരിട്ട് മനസ്സിലാക്കാനും സഹായിക്കുമെന്നും അക്കാദമിക് മികവും ഇൻഡസ്ട്രി എക്സ്പോഷറും തമ്മിലുള്ള അകലം കുറയ്ക്കുക എന്നതാണ് ഇത്തരം സംരംഭങ്ങളിലൂടെ കോളേജ് ലക്ഷ്യമിടുന്നതെന്നും കോളജ് പ്രിൻസിപ്പൽ പ്രൊഫ. സി.എസ് ബിജു വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

നാല് ദിവസം നീണ്ടുനിൽക്കുന്ന ഈ മേളയിൽ ഡിസൈൻ രംഗത്തെ പുതിയ പ്രവണതകളെ പരിചയപ്പെടുത്തുന്നതിനൊപ്പം വൈവിധ്യമാർന്ന കലാസാംസ്കാരിക പരിപാടികളും അരങ്ങേറും. ഡിസൈൻ എക്സ്പോ, വർക്ക്ഷോപ്പുകൾ, വിവിധ വിഷയങ്ങളിലുള്ള കോൺക്ലേവുകൾ, ബ്രാൻഡ് ടോക്കുകൾ എന്നിവ മേളയുടെ ഭാഗമായി നടക്കും. ബുക്ക് എക്സ്പോ, വെഹിക്കിൾ എക്സ്പോ, കൊമേഴ്സ്യൽ സ്റ്റാളുകൾ എന്നിവ സന്ദർശകർക്കായി ഒരുക്കിയിട്ടുണ്ട്. മ്യൂസിക് ബാൻഡ്, ഗസൽ സന്ധ്യ, ഫാഷൻ ഷോ, സംഗീത നിശ എന്നിവ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടും. വൈവിധ്യമാർന്ന ഭക്ഷണപദാർത്ഥങ്ങൾ ആസ്വദിക്കാൻ ഫുഡ് ഫെസ്റ്റിവലും മേളയിലുണ്ടാകും. പൊതുജനങ്ങൾക്ക് പ്രവേശനം തികച്ചും സൗജന്യമാണ്.

ഡിസൈൻ മേഖലയിലുള്ളവർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഉപകാരപ്രദമാകുന്ന രീതിയിലാണ് ഈ ഫെസ്റ്റിവൽ വിഭാവനം ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എസ്.എച്ച് സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഫാ. പി.ടി ആന്റണി, പ്രോഗ്രാം കോർഡിനേറ്റർ ആർ. അഭിഷേക്, ബിസ്കോൺ സോല്യൂഷൻസ് മാനേജിങ് ഡയറക്ടർ അനീഷ് കൃഷ്ണ, വെൽകെയർ വെൽകെയർ ഹോസ്പിറ്റൽ സി.ഒ.ഒ സഫീർ, ടെക്നോവാലി സി ഇ ഒ രാജേഷ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ലോകായുക്ത ക്യാമ്പ് സിറ്റിങ് ഫെബ്രുവരി 10 മുതൽ

**കൊച്ചി:** കേരള ലോകായുക്തയുടെ നേതൃത്വത്തിൽ 2026 ഫെബ്രുവരി മാസത്തെ ക്യാമ്പ് സിറ്റിങ്ങുകൾ തൃശ്ശൂർ,കോട്ടയം ജില്ലകളിൽ നടക്കും. ഫെബ്രുവരി 10, 11 തീയതികളിൽ തൃശ്ശൂർ തിരുവമ്പാടി കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് റീജിയണൽ ഓഫീസിലും, ഫെബ്രുവരി 12ന് കോട്ടയം പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിലുമാണ് സിറ്റിങ്ങുകൾ നടക്കുക. രാവിലെ 10.30 മുതൽ ആരംഭിക്കുന്ന സിറ്റിങ്ങുകളിൽ ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാർ, ഉപലോകായുക്ത ജസ്റ്റിസ് അശോക് മേനോൻ എന്നിവർ കേസുകൾ പരിഗണിക്കും. ക്യാമ്പിൽ നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതികൾ പൊതുജനങ്ങൾക്ക് നേരിട്ട് സമർപ്പിക്കാം.

## കരാർ നിയമനം

**കൊച്ചി:** മഹാരാജാസ് ഓട്ടോണമസ് കോളേജിൽ പരീക്ഷ കൺട്രോളർ ഓഫീസിലേക്ക് കരാറടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികളിലേക്ക് നിയമനം നടത്തും. ഉദ്യോഗാർത്ഥികൾക്ക് ഗൂഗിൾ ഫോം ലിങ്ക് മുഖേന അപേക്ഷകൾ സമർപ്പിക്കാം. ഗൂഗിൾ ഫോം ലിങ്കിനും മറ്റു വിശദ വിവരങ്ങൾക്കും www.maharajas.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 11 ഉം അഭിമുഖം ഫെബ്രുവരി 17 നു മാണ്.

## ഫയർ ആൻഡ് സേഫ്റ്റി കോഴ്സ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. എറണാകുളം കലൂർ ജംഗ്ഷനിലെ കെൽട്രോൺ നോളജ് സെന്ററിൽ നടത്തുന്ന കോഴ്സിലേക്കാണ് പ്രവേശനം. ഫോൺ: 9526047815, 9388338357, 04842971400

## ലേലം

**കൊച്ചി:** കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി സൗത്ത് വില്ലേജിൽ സർവ്വേ നമ്പർ 125/32 ൽ പെട്ട 00. 76 ആർ പുരയിടം, സർവ്വേ നമ്പർ 125/44 ൽ പെട്ട 00. 63 ആർ പുരയിടം, സർവ്വേ നമ്പർ 125/6ആൽ പ്പെട്ട 00. 51 ആർ സ്ഥലം എന്നിവയുടെ ലേലം മാർച്ച് 5 ന് ഇടപ്പള്ളി സൗത്ത് വില്ലേജിൽ രാവിലെ 11 നും കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ബ്ലോക്ക് 14, റീസർവ്വേ നമ്പർ 7/182 പെട്ട 04.96 ആർ സ്ഥലത്തിന്റെ ലേലം മാർച്ച് 6 ന് മരട് വില്ലേജിൽ രാവിലെ ലെ 11 നും നടക്കും. കൂടുതൽ വിവരങ്ങൾക്കായി റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം കണയന്നൂർ, പാർക്ക് അവന്യൂ റോഡ്,സുഭാഷ് പാർക്കിന് എതിർവശം, എറണാകുളം എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടട റീജിയണൽ സെന്ററിൽ ആരംഭിക്കുന്ന ഹ്രസ്വകാല കോഴ്സുകളായ കരിയർ ഓറിയന്റേഷൻ വിത്ത് ഇന്റഗ്രേറ്റഡ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് (2 മാസം, യോഗ്യത: പ്ലസ്സ്ടു), ഐ.ടി എനേബിൾഡ് ട്രെയിനിങ് (ഒരാഴ്ച്ച, യോഗ്യത: എട്ടാം ക്ലാസ്സ്) എന്നീ കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ബേസിക് എ.ഐ വർക്ക് ഷോപ്പ്, അഡ്വാൻസ്ഡ് എ.ഐ വർക്ക് ഷോപ്പ്, എ.ഐ ടൂൾസ് ഫോർ സ്കൂൾ സ്റ്റുഡന്റസ്, ഫ്രീ ആന്റ് ഓപൺ സോഴ്സ് സോഫ്റ്റ് വെയർ, അഡ്വാൻസ്ഡ് എം.എസ് എക്സൽ എന്നീ വിഷയങ്ങളിൽ ഏകദിന ശിൽപ്പശാലകളും ലഭ്യമാണ്. വിശദ വിവരങ്ങൾക്ക്-8547005087, 04712550612, 9496395544.

## പടവുകൾ പദ്ധതിയിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിധവകളുടെ മക്കൾക്ക് ധനസഹായം നൽകുന്ന പടവുകൾ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിധവകളുടെ മക്കളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്. മെസ് ഫീസ് എന്നിവക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടെയാണ് പടവുകൾ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ 2024-25, 2025-26 വർഷങ്ങളിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കാം. അപേക്ഷകൾ www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് സമർപ്പിക്കേണ്ടത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 13.കൂടുതൽ വിവരങ്ങൾക്ക് dwcdekm@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എയർ ഇന്ത്യ എക്സ്പ്രസിൽ എക്സ്പ്രസ് മോർ സെയിൽ



**കൊച്ചി:** ആഭ്യന്തര, അന്താരാഷ്ട്ര യാത്രകളിൽ 20 ശതമാനം വരെ കിഴിവുമായി എയർ ഇന്ത്യ എക്സ്പ്രസിൽ എക്സ്പ്രസ് മോർ സെയിൽ ആരംഭിച്ചു. ഓഫറിന്റെ ഭാഗമായി 1550 രൂപ മുതൽ ആരംഭിക്കുന്ന ആഭ്യന്തര വിമാന ടിക്കറ്റും 6510 രൂപ മുതലുള്ള അന്താരാഷ്ട്ര വിമാന ടിക്കറ്റുകളും ലഭിക്കും. ഫെബ്രുവരി 11 മുതൽ ഡിസംബർ 31 വരെയുള്ള യാത്രകൾക്കായി ഫെബ്രുവരി അഞ്ച് വരെ ബുക്ക് ചെയ്യുന്ന ടിക്കറ്റുകളാണ് ഓഫർ നിരക്കിൽ ലഭിക്കുകയെന്ന് എയർ ഇന്ത്യ അധികൃതർ വ്യക്തമാക്കി. ഓഫർ കാലയളവിൽ എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് കൺവീനിയൻസ് ഫീ ഈടാക്കില്ല. കൂടാതെ ഒരുതവണ സൗജന്യമായി യാത്രാ തീയതി മാറ്റാനും സാധിക്കും.

എക്സ്പ്രസ് ലൈറ്റ് നിരക്കുകളിൽ യാത്ര ചെയ്യുന്നവർക്ക് സൗജന്യ ക്യാബിൻ ബാഗേജിന് പുറമെ അധിക ചെക്ക് ഇൻ ലഗേജ് ഉണ്ടെങ്കിൽ ആഭ്യന്തര യാത്രകളിൽ 15 കിലോ ചെക്ക് ഇൻ ബാഗേജിന് 1500 രൂപയും അന്താരാഷ്ട്ര വിമാനങ്ങളിൽ 20 കിലോയ്ക്ക് 2500 രൂപയും മാത്രം നൽകിയാൽ മതി. എയർ ഇന്ത്യ എക്സ്പ്രസിന് ഇന്ത്യയിൽ 45 സ്ഥലങ്ങളിലേക്കും ഗൾഫ് ഉൾപ്പടെ 17 അന്താരാഷ്ട്ര സ്ഥലങ്ങളിലേക്കുമായി പ്രതിദിനം 500ലധികം വിമാന സർവീസുകളുണ്ട്. ഓഫർ കാലയളവിൽ വെബ്സൈറ്റിലൂടെ ടിക്കറ്റെടുക്കുന്ന ന്യൂപാസ് അംഗങ്ങൾക്ക് ബിസ് ക്ലാസ് നിരക്കിൽ 25 ശതമാനം കിഴിവ് ലഭിക്കും. ബിസിനസ് ക്ലാസിന് തത്തുല്യമായ ബിസ് വിഭാഗത്തിൽ 58 ഇഞ്ച് വരെ അകലത്തിലാണ് സീറ്റുകൾ ഉള്ളത്. എയർ ഇന്ത്യ എക്സ്പ്രസിന്റെ ഫ്ളീറ്റിലേക്ക് അടുത്തിടെ ഉൾപ്പെടുത്തിയ 40ലധികം പുതിയ ബോയിംഗ് 7378 വിമാനങ്ങളിലും ബിസ് സീറ്റുകളുണ്ട്. വെബ്സൈറ്റിലൂടെയോ മൊബൈൽ ആപ്പിലൂടെയോ ടിക്കറ്റെടുക്കുന്ന വിദ്യാർഥികൾ, മുതിർന്ന പൗരർ, സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്ക് പ്രത്യേക കിഴിവ് ലഭിക്കും. തിരഞ്ഞെടുത്ത വിസ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നവർക്ക് ആഭ്യന്തര, അന്ത്രാരാഷ്ട്ര യാത്രകളിൽ യഥാക്രമം 250, 600 രൂപയുടെ കഴിവും ലഭിക്കും. കൂടാതെ ഇഎംഐ, പേ ലേറ്റർ പോലുള്ള സൗകര്യങ്ങളും വെബ്സൈറ്റിലുണ്ട്.

# യുകെയിൽ ഇന്നൊവേറ്റർ ഓഫ് ദി ഇയർ പുരസ്കാരത്തിന് അർഹരായി മലയാളി സംരംഭകർ



**കൊച്ചി:** ലോക രാജ്യങ്ങളിൽ നിന്നുള്ള നൂതന സ്റ്റാർട്ടപ്പ് ആശയങ്ങൾക്ക് യുകെ സർക്കാർ ഔദ്യോഗിക എൻഡോഴ്സ്മെന്റ് ബോഡി നൽകുന്ന ഇന്നൊവേറ്റർ ഓഫ് ദി ഇയർ ബഹുമതിക്ക് അർഹരായി മലയാളി സംരംഭകർ. യുകെ ഹോം ഓഫീസിന്റെ ഇന്നൊവേറ്റർ ഫൗണ്ടർ വിസ പ്രോഗ്രാമിന് കീഴിലുള്ള ഔദ്യോഗിക എൻഡോഴ്സ്മെന്റ് ബോഡികളിലൊന്നായ എൻവെസ്റ്റേഴ്സ് ലിമിറ്റഡിൽ നിന്നുള്ള പുരസ്കാരമാണ് കേരളത്തിൽ നിന്നുള്ള ഹെർമർച്ചീസ് ബാലനും സിറിൾ റോയിയും നേടിയത്. യുകെയിലെ ആരോഗ്യരംഗം നേരിടുന്ന ഗുരുതര വെല്ലുവിളികൾക്ക് പരിഹാരം കണ്ടെത്തുന്ന ലക്ഷ്യബോധമുള്ള സംരംഭം വികസിപ്പിച്ചതിനാണ് ഇന്നൊവേറ്റർ ഓഫ് ദി ഇയർ ബഹുമതിക്ക് ഇവർ അർഹരായത്.

യുകെ ഗവൺമെന്റ് നൽകുന്ന ഇന്നൊവേറ്റർ ഫൗണ്ടർ വിസയിലൂടെ ഇംഗ്ലണ്ടിൽ എത്തുകയും ഇത്തരം ആശയങ്ങളെ മികച്ച സംരംഭമാക്കി മാറ്റുകയും ചെയ്യുന്നവരെയാണ് ഈ പുരസ്കാരത്തിനായി തെരഞ്ഞെടുക്കുന്നത്. പത്ത് വിഭാഗങ്ങളിലായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 750ലധികം സ്റ്റാർട്ടപ്പുകളിൽ നിന്നാണ് മലയാളി സംരംഭകർ പുരസ്കാരത്തിനായി തെരഞ്ഞെടുക്കപ്പെട്ടത്. യുകെ സ്റ്റാർട്ടപ് വിസ നേടിയ ഇന്ത്യയിൽനിന്നുള്ള ചുരുക്കം സംരംഭകരിൽ ഹെർമർച്ചീസും സിറിളും ഉൾപ്പെടുന്നു. യുകെയിലെ ആരോഗ്യ സംരക്ഷണ മേഖലയിൽ വ്യക്തമായ മാറ്റമുണ്ടാക്കുന്ന ലക്ഷ്യബോധമുള്ള സംരംഭം വികസിപ്പിക്കുക എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി മെന്റർ മെർലിൻ യുകെ ലിമിറ്റഡ് എന്ന ആരോഗ്യ സംരക്ഷണ പരിശീലനസാങ്കേതിക കമ്പനി ഇവർ സ്ഥാപിച്ചു.

ഈ സംരംഭത്തിലൂടെ യുകെയിൽ നിലവിലുണ്ടായിരുന്ന നഴ്സ് ക്ഷാമ പ്രതിസന്ധി മറികടക്കുന്നതിന് നിർണായക സംഭാവനകൾ നൽകിയതിനും ഇതിലേക്കായി വികസിപ്പിച്ച സാങ്കേതിക വിദ്യകളെയും പരിഗണിച്ചാണ് ഈ അംഗീകാരം ഇവരിലേക്കെത്തിയത്.

# എയർടെൽ 360 മില്ല്യൺ ഇന്ത്യക്കാർക്ക് അഡോബി എക്സ്പ്രസ് പ്രീമിയം നൽകും

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികമ്മ്യൂണിക്കേഷൻസ് സേവന ദാതാക്കളായ ഭാരതി എയർടെൽ, അഡോബിയുമായി സഹകരിച്ച് ഇന്ത്യയിലെ 360 മില്ല്യൺ എയർടെൽ ഉപഭോക്താക്കൾക്ക് അഡോബി എക്സ്പ്രസ് ലഭ്യമാക്കുന്നു. 4,000 രൂപ വിലയുള്ള അഡോബി എക്സ്പ്രസ് പ്രീമിയം ഒരു വർഷത്തേക്ക് സൗജന്യമായാണ് നൽകുന്നത്. മൊബൈൽ, ബ്രോഡ്ബാൻഡ്, വൈഫൈ, ഡിടിഎച്ച് ഉൾപ്പെടെയുള്ള എല്ലാ എയർടെൽ ഉപഭോക്താക്കൾക്കും എയർടെൽ താങ്ക്സ് ആപ്പ് വഴി അധിക ചെലവില്ലാതെ അഡോബി എക്സ്പ്രസ് പ്രീമിയം സബ്സ്ക്രിപ്ഷൻ ലഭിക്കും.

ക്രെഡിറ്റ് കാർഡിന്റെ ആവശ്യമില്ലാതെ പ്രൊഫഷണൽ നിലവാരത്തിലുള്ള ഡിജിറ്റൽ ഉള്ളടക്കം എളുപ്പത്തിൽ സൃഷ്ടിക്കാൻ ഈ സംരംഭം സഹായിക്കുമെന്ന് എയർടെൽ അധികൃതർ വ്യക്തമാക്കി. ജനറേറ്റീവ് എഐ സവിശേഷതകൾ, ഇൻസ്റ്റന്റ് ബാക്ക്ഗ്രൗ റിമൂവൽ, വൺടാപ്പ് വീഡിയോ എഡിറ്റിങ്, പ്രീമിയം സ്റ്റോക്ക് അസെറ്റുകൾ, 30,000ലധികം ഫോണ്ടുകൾ, 100 ജിബി ക്ലൗഡ് സ്റ്റോറേജ്, ഇന്ത്യയ്ക്കായി തയ്യാറാക്കിയ വാട്ടർമാർക്ക് രഹിത ടെംപ്ലേറ്റുകൾ എന്നിവയാണ് അഡോബി എക്സ്പ്രസ് പ്രീമിയത്തിന്റെ പ്രധാന സവിശേഷതകൾ.

വിദ്യാർത്ഥികൾ, ക്രിയേറ്റർമാർ, ചെറുകിട ബിസിനസുകൾ, മാർക്കറ്റേഴ്സ് തുടങ്ങി എല്ലാ വിഭാഗം ഉപയോക്താക്കൾക്കും ഡിജിറ്റൽ ഇടത്തിൽ സൃഷ്ടിപരമായും കാര്യക്ഷമമായും മുന്നേറാൻ ഈ പങ്കാളിത്തം വഴിയൊരുക്കും. ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, ബംഗാളി ഭാഷകളിൽ ലഭ്യമായ അഡോബി എക്സ്പ്രസ് വഴി ഉപയോക്താക്കൾക്ക് അവരുടെ സ്വന്തം ഭാഷകളിൽ തന്നെ ഈ സവിശേഷതകൾ എളുപ്പത്തിൽ ഉപയോഗിക്കാൻ സാധിക്കും.

## ജിൻഡാൽ ഇന്ത്യ ജെഎൽപി ശക്തി അവതരിപ്പിച്ചു




**കൊച്ചി:** ബിസി ജിൻഡാൽ ഗ്രൂപ്പിന്റെ ഭാഗവും, രാജ്യത്തെ മുൻനിര ഡൗൺസ്ട്രീം സ്റ്റീൽ ഉൽപ്പന്ന നിർമാതാക്കളായ ജിൻഡാൽ ഇന്ത്യ ലിമിറ്റഡ് തങ്ങളുടെ ചാനൽ പാർട്ണർ ലോയൽറ്റി പദ്ധതിയായ ജെഎൽപി ശക്തി കൊച്ചിയിൽ അവതരിപ്പിച്ചു. ജിൻഡാൽ ഇന്ത്യയുടെ മുഖ്യ വിപണികളിൽ കോട്ടഡ് സ്റ്റീൽ ഉൽപന്നങ്ങളുടെ റീട്ടെയിലർമാർക്കും മുൻനിര ഡീലർമാർക്കും ഇടയിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ജെഎൽപി ശക്തി അവതരിപ്പിച്ചത്. മുംബൈ, കൽക്കത്ത, കാൺപൂർ, ഡെറാഡൂൺ, സൂറത്ത്, സിലിഗുരി, ബെംഗളൂരു, ഗുവഹാത്തി, വിശാഖപട്ടണം എന്നിവിടങ്ങളിൽ കമ്പനി ജെഎൽപി ശക്തി അവതരിപ്പിച്ചിരുന്നു. പുരസ്കാരം, അംഗീകാരം, സജീവമായ ഇടപെടൽ എന്നിവയിലൂടെ ഈ മേഖലയിലെ പങ്കാളികളുമായുള്ള ബ്രാൻഡിന്റെ ദീർഘകാല ബന്ധം കൂടുതൽ ശക്തിപ്പെടുത്താനാണ് പദ്ധതിയിടുന്നത്. കൂടാതെ ഈ പദ്ധതിയിലൂടെ വിശ്വാസ്യതയ്ക്ക് പ്രോത്സാഹനം നൽകാനും, സ്ഥിരതയാർന്ന വിൽപന ഉറപ്പാക്കാനും, കമ്പനിയുടെ ദീർഘകാല വളർച്ചയ്ക്കും ഉപഭോക്തൃ ബന്ധത്തിനും അനുയോജ്യമായ രീതിയിൽ പങ്കാളികളുടെ ഒരു ഡിജിറ്റൽ ശൃംഖല രൂപീകരിക്കാനും ജിൻഡാൽ ഇന്ത്യ ലിമിറ്റഡ് ലക്ഷ്യമിടുന്നതായി കമ്പനി വക്താവ് പറഞ്ഞു.

## ഐസിഐസിഐ പ്രൂ സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ്

**തൃശൂർ:** മികച്ച സാമ്പത്തിക സുരക്ഷയ്ക്കും ദീർഘകാല സമ്പാദ്യത്തിനും സഹായിക്കുന്ന പദ്ധതിയാണ് ഐസിഐസിഐ പ്രൂ സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് എന്ന് സാമ്പത്തിക വിദഗ്ധർ. സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 65 ശതമാനവും 35 വയസിന് താഴെയുള്ളവരായ സാഹചര്യത്തിൽ ഈ പ്ലാൻ യുവജനങ്ങൾക്ക് വളരെ അനുയോജ്യമാണെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു. പ്രതിമാസം 1000 രൂപ മുതൽ ആരംഭിക്കുന്ന പ്രീമിയങ്ങളുള്ള ഈ ഉൽപ്പന്നം യുവ പ്രൊഫഷണലുകൾക്കും ആദ്യമായി നിക്ഷേപം നടത്തുന്നവർക്കും നേരത്തെ നിക്ഷേപം തുടങ്ങാനും ഭാവിയിലെ ആവശ്യങ്ങൾക്കായി സമ്പാദിക്കാനും സഹായകരമാണ്.

ഐസിഐസിഐ പ്രൂ സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് ചെലവ് കുറഞ്ഞ ഒരു ഉൽപ്പന്നമാണ്, ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന ആസ്തി വിഹിതം അനുസരിച്ച് മുഴുവൻ പ്രീമിയം തുകയും നിക്ഷേപിക്കുന്ന രീതിയാണിത്. ഉപഭോക്താക്കൾക്ക് 25 വ്യത്യസ്ത ഫുകളും തിരഞ്ഞെടുക്കാൻ നാല് പോർട്ട്ഫോളിയോ സ്ട്രാറ്റജികളും ഇത് വാഗ്ദാനം ചെയ്യുന്നു. ഏതെങ്കിലും അടിയന്തര സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്ലാൻ ഭാഗിക പിൻവലിക്കലുകളും നൽകുന്നു. കൂടാതെ, ജീവിതത്തിൽ അപ്രതീക്ഷിത വഴിത്തിരിവുകൾ ഉണ്ടായാലും കുടുംബത്തിന്റെ സാമ്പത്തിക ലക്ഷ്യങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്ന തരത്തിൽ 'പ്രീമിയം ഒഴിവാക്കൽ' എന്ന ആഡ്ഓൺ ആനുകൂല്യവും ഇതിലുന്നെ് കമ്പനി വ്യക്തമാക്കുന്നു.

## ഹിമാലയ വെൽനസ് വർവുമൺ അക്കാദമി

**കൊച്ചി :** ഹിമാലയ വെൽനസ്, വർവുമൺ അക്കാദമിയും ചാറ്റ്ബോട്ടും അനാച്ഛാദനം ചെയ്തു. ഇന്ത്യയുടെ ഭാവി വനിതാ ക്രിക്കറ്റ് താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ആർസിബി വനിതാ ടീമുമായി ചേർന്ന് ഹിമാലയ വെൽനസ് അക്കാഡമി ആരംഭിച്ചത്. ഒരു സംവേദനാത്മക ചാറ്റ്ബോട്ടായാണിത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. യുവ ക്രിക്കറ്റ് കളിക്കാർക്ക് ടീം ആർസിബിയിൽ നിന്നുള്ള വ്യക്തിഗത പ്രതികരണങ്ങളും ആർസിബി വനിതാ കളിക്കാരിൽ നിന്നുള്ള മെന്റർഷിപ്പും ലഭിക്കും. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും.

## തിരുവനന്തപുരത്തിന് പ്രിയം ചിക്കൻ ബിരിയാണി

**കൊച്ചി :** തിരുവനന്തപുരം നഗരത്തിന്റെ ഇഷ്ടവിഭവം ചിക്കൻ ബിരിയാണിയെന്ന് സ്വിഗ്ഗിയുടെ ഹൗ ഇന്ത്യ സ്വിഗ്ഗിഡ് 2025 റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 9.12 ലക്ഷം ഓർഡറുകളോടെ ചിക്കൻ ബിരിയാണിയാണ് നഗരത്തിൽ ഏറ്റവും കൂടുതൽ ഓർഡർ ചെയ്ത വിഭവം. ചിക്കൻ ഫ്രൈയും പൊറോട്ടയുമാണ് തൊട്ടുപിന്നിലുള്ളത്. പ്രഭാത ഭക്ഷണത്തിൽ ദോശയും ഇഡ്ലിയും മുൻതൂക്കം നിലനിർത്തിയപ്പോൾ, സായാഹ്ന സ്നാക്ക് സമയങ്ങളിൽ ചിക്കൻ വിഭവങ്ങൾക്കാണ് കൂടുതൽ ആവശ്യക്കാർ. രാത്രി 12 മുതൽ 2 വരെ ലേറ്റ് നൈറ്റ് ഓർഡറുകൾ 38.5 ശതമാനത്തിലധികം വളർച്ച കൈവരിച്ചു.

# ഫോർച്ച്യൂൺ ഗ്യാരി സുപ്രീം പരിഷ്കരിച്ച് ടാറ്റ എഐഎ

**കൊച്ചി:** സമ്പാദ്യം ലളിതവും താങ്ങാനാവുന്നതുമാക്കുന്നതിനായി ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് തങ്ങളുടെ ദീർഘകാല സമ്പാദ്യ പദ്ധതിയായ ഫോർച്ച്യൂൺ ഗ്യാരി സുപ്രീം പരിഷ്കരിച്ചു. ടാറ്റ എഐഎയുടെ സവിശേഷമായ പ്രീമിയം ഓഫ്സെറ്റ് സംവിധാനമാണ് പരിഷ്കരണത്തിന്റെ പ്രധാന ആകർഷണമെന്ന് ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ ജീലാനി ബാഷ പറഞ്ഞു. ഈ ഫീച്ചർ പ്രകാരം, ഉപഭോക്താക്കൾ 12 വർഷത്തെ പ്രീമിയം പേയിംഗ് ടേമിൽ ആദ്യത്തെ ആറ് വർഷം മാത്രം പ്രീമിയം അടച്ചാൽ മതിയാകും. ബാക്കിയുള്ള ആറ് വർഷത്തെ പ്രീമിയം തുക, ടാറ്റ എഐഎ നൽകുന്ന വരുമാനത്തിൽ നിന്ന് ഈടാക്കുക എന്ന മാർഗം ഉപഭോക്താവിന് സ്വീകരിക്കാം.

വ്യവസ്ഥകൾക്ക് വിധേയമായി 6 ശതമാനത്തിന് മുകളിൽ ആകർഷകമായ ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ സഹിതം ഉറപ്പായ വരുമാനവും മറ്റ് ആനുകൂല്യങ്ങളും ഈ പദ്ധതി വാഗ്ദാനം ചെയ്യുന്നു. 'പവർ ഓഫ് 6' എന്ന് വിളിക്കപ്പെടുന്ന ഈ ഫീച്ചർ, വിരമിക്കൽ കാലത്തേക്കോ മറ്റ് ദീർഘകാല കുടുംബ ആവശ്യങ്ങൾക്കോ വേണ്ടി കൃത്യമായ വരുമാനം ആഗ്രഹിക്കുന്നവർക്കായി രൂപകൽപ്പന ചെയ്തതാണ്. കുട്ടികളുടെ വിദ്യാഭ്യാസം, വിരമിക്കൽ ജീവിതം, വരുമാന സുരക്ഷ തുടങ്ങിയ ലക്ഷ്യങ്ങൾക്കായി പ്ലാൻ ചെയ്യുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷയ്ക്കൊപ്പം ഉറപ്പായ നേട്ടങ്ങളും ഇത് നൽകുന്നു. ഇൻഡിവിജ്വൽ, നോൺലിങ്ക്ഡ്, നോൺപാർട്ടിസിപ്പേറ്റിംഗ് ലൈഫ് ഇൻഷുറൻസ് സേവിംഗ്സ് പ്ലാൻ എന്ന നിലയിൽ, ഫോർച്ച്യൂൺ ഗ്യാരി സുപ്രീം പോളിസി കാലയളവിലുടനീളം ലൈഫ് കവറും ഗ്യാരണ്ടീഡ് ആനുകൂല്യങ്ങളും നൽകുന്നു. നിലവിലുള്ള നികുതി നിയമങ്ങൾ അനുസരിച്ച്, അടയ്ക്കുന്ന പ്രീമിയത്തിന് സെക്ഷൻ 80ഇ പ്രകാരമുള്ള നികുതി ആനുകൂല്യങ്ങൾക്കും മെച്യൂരിറ്റി/മരണാനന്തര ആനുകൂല്യങ്ങൾക്ക് സെക്ഷൻ 10(10ഉ) പ്രകാരമുള്ള നികുതി ഇളവുകൾക്കും അർഹതയുായിരിക്കുമെന്നും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകളെക്കുറിച്ചുള്ള ആശങ്കകളില്ലാതെ ഉപഭോക്താക്കൾക്ക് അവരുടെ സാമ്പത്തിക ലക്ഷ്യങ്ങളുമായി മുന്നോട്ട് പോകാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ബൈക്ക് യാത്രയിൽ കുട്ടികളുടെ ഹെൽമറ്റ് ഉപയോഗം കുറവെന്ന് പഠനങ്ങൾ

**കൊച്ചി :** ഇന്ത്യൻ റോഡുകളിൽ ഏകദേശം 26 കോടി ഇരുചക്ര വാഹനങ്ങൾ സഞ്ചരിക്കുന്ന സാഹചര്യത്തിൽ, ബൈക്ക് ഓടിയ്ക്കുന്നയാളും പിന്നിലിരിക്കുന്ന യാത്രക്കാനും ഉൾപ്പെടെയുള്ള സുരക്ഷ ഏറെ നിർണായകമായി മാറിയിരിക്കുകയാണെന്ന് പഠനം.

മുതിർന്നവരിൽ ഹെൽമറ്റ് ഉപയോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണം വർധിച്ചിട്ടുങ്കിലും, പിന്നിലിരുന്ന യാത്ര ചെയ്യുന്ന കുട്ടികൾ ഇപ്പോഴും കുറഞ്ഞ ഹെൽമറ്റ് ഉപയോഗം മൂലം കൂടുതൽ അപകടസാധ്യത നേരിടുന്നു. റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം, റോഡ് അപകടങ്ങളിൽ മരിച്ച 54,000ത്തിലധികം ബൈക്ക് യാത്രക്കാരിൽ ബൈക്ക് ഓടിച്ചിരുന്നവരും പിന്നിലിരുന്ന യാത്രചെയ്തവരും ഹെൽമറ്റ് ധരിച്ചിരുന്നില്ലെന്നാണ് വ്യക്തമാക്കപ്പെടുന്നത്.

അപകടമുണ്ടായാലും ശരിയായ ഹെൽമറ്റ് ഉപയോഗം മരണവും ഗുരുതരമായ മസ്തിഷ്ക പരിക്കുകളും വലിയ തോതിൽ കുറയ്ക്കുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

# ഗിന്നസ് വേൾഡ് റിക്കാർഡിൽ ഇടം നേടി ഗാലക്സി ഫോട്ടോഗ്രഫി ചലഞ്ച്

**കൊച്ചി:** സാംസങ് ഗാലക്സി എസ് സീരീസിനായി രാജ്യവ്യാപകമായി സംഘടിപ്പിച്ച ഗാലക്സി ഫോട്ടോഗ്രഫി ചലഞ്ച് ഗിന്നസ് വേൾഡ് റെക്കോർഡിൽ ഇടം നേടി. ലോകത്തിലെ ഏറ്റവും വലിയ സ്മാർട്ട്ഫോൺ ഫോട്ടോഗ്രഫി മത്സരം, ഓൺലൈൻ ഫോട്ടോ വാക്യ (ഡിജിറ്റൽ ആർട്ട്വർക്ക്) രൂപീകരണത്തിൽ ഏറ്റവും കൂടുതൽ സംഭാവനകൾ എന്നിവയിലാണ് റെക്കോർഡുകൾ കുറിച്ചത്. 2025 ഡിസംബർ 30 മുതൽ 2026 ജനുവരി 26 വരെ നടന്ന ക്യാമ്പയിൻ ഗാലക്സി എസ് സീരീസ് ഉപയോഗിച്ച് ഇന്ത്യയിലെ യഥാർത്ഥ നിമിഷങ്ങൾ പകർത്താൻ ഇന്ത്യൻ പൗരന്മാരെ ക്ഷണിച്ചുകൊണ്ടുള്ളതായിരുന്നു.

സംവിധായകൻ കബീർ ഖാനും 30ലധികം പ്രാദേശിക ഫോട്ടോഗ്രാഫർമാരും നേതൃത്വം നൽകിയ ഈ സംരംഭത്തിൽ 31,331 എൻട്രികൾ ലഭിച്ചു. 2010ൽ അവതരിപ്പിച്ച ഗാലക്സി എസ് സീരീസ് വിപ്ലവകരമായ ക്യാമറ സവിശേഷതകൾ, പ്രീമിയം ഡിസൈൻ, ഉപയോഗിക്കാൻ എളുപ്പം എന്നിവയിലൂടെ ഉപഭോക്താക്കളെ ആകർഷിക്കുന്നു. തുടർച്ചയായ നവീകരണങ്ങളിലൂടെ ഉപയോക്താക്കളെ ചുറ്റുപാടുകളോട് കൂടുതൽ അടുത്തുകൊുവന്ന എസ് സീരീസ്, അപൂർവമായ മൊബൈൽ അനുഭവങ്ങൾ സമ്മാനിച്ചുവരുന്നു.

രണ്ട് ഗിന്നസ് വേൾഡ് റെക്കോർഡുകൾ സ്വന്തമാക്കുന്നതിലൂടെ ഗാലക്സി എസ് സീരീസിന്റെ കഴിവുകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ സാധിച്ചുവെന്നും ഈ നേട്ടത്തിൽ അതിയായ അഭിമാനം കൊള്ളുന്നുവെന്നും സാംസങ് ഇന്ത്യ എംഎക്സ് ബിസിനസ് സീനിയർ വൈസ് പ്രസിഡന്റ് രാജു പുല്ലൻ പറഞ്ഞു.

# 'സ്റ്റോക്ക്ഫിൻ 2.0' അവതരിപ്പിച്ച് സ്റ്റോക്ക്ഹോൾഡിംഗ് സർവീസസ്

**കൊച്ചി :** കോർപ്പറേറ്റ് സ്റ്റോക്ക് ബ്രോക്കിങ് സ്ഥാപനമായ നാഷണൽ സ്റ്റോക്ക്ഹോൾഡിംഗ് സർവീസസ് ലിമിറ്റഡ് ഇന്ത്യയിലെ നിക്ഷേപകർക്ക് ലളിതവും സുരക്ഷിതവുമായ നിക്ഷേപ അനുഭവം നൽകുന്ന സ്റ്റോക്ക്ഫിൻ മൊബൈൽ ആപ്പിന്റെ പരിഷ്കരിച്ച പതിപ്പ്, സ്റ്റോക്ക്ഫിൻ 2.0, പുറത്തിറക്കി. പുതുക്കിയ ആപ്പ് മെച്ചപ്പെട്ട വേഗത, വിപണിയെക്കുറിച്ചുള്ള ആഴത്തിലുള്ള അവലോകനങ്ങൾ, കൂടുതൽ സുരക്ഷ എന്നിവ വാഗ്ദാനം ചെയ്യുന്നതായി സ്റ്റോക്ക്ഹോൾഡിംഗ് സർവീസസ് എംഡിയും സിഇഒയുമായ പ്രഭാത് കുമാർ ദുബെ പറഞ്ഞു. നിക്ഷേപത്തിൽ പരിചയമില്ലാത്തവർക്കും ഈ ആപ്പ് ഉപയോഗിച്ച് എളുപ്പത്തിൽ നിക്ഷേപം നടത്താൻ സാധിക്കും. ഷെയറുകൾ, ഡെറിവേറ്റീവുകൾ, മ്യൂച്വൽ ഫണ്ടുകൾ, ഇടിഎഫുകൾ, എസ്എംഇ സ്റ്റോക്കുകൾ, ഐപിഒകൾ എന്നിങ്ങനെയുള്ള എല്ലാ നിക്ഷേപ ഓപ്ഷനുകളും വ്യത്യസ്ത ഗ്രൂപ്പുകളായി ആപ്പിന്റെ ഇന്റർഫേസിൽ ക്രമീകരിച്ചിട്ടുണ്ട്. ഈ ക്രമീകരണം ഉപയോക്താക്കളെ വേഗത്തിലും എളുപ്പത്തിലും നിക്ഷേപ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുമെന്നും പ്രഭാത് കുമാർ ദുബെ പറഞ്ഞു. വിശ്വസനീയവും, ഉപയോക്തൃസൗഹൃദവുമായ നിക്ഷേപ പ്ലാറ്റ്ഫോം വഴി ഓരോ ഇന്ത്യക്കാരനെയും ശാക്തീകരിക്കാനുള്ള കമ്പനിയുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് 'സ്റ്റോക്ക്ഫിൻ 2.0' അവതരിപ്പിച്ചതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## ഇന്ത്യവുഡ് പ്രദർശനം ഫെബ്രുവരി 26ന്

**കൊച്ചി:** രാജ്യത്തെ പ്രമുഖ വുഡ് വർക്കിങ്, ഫർണിച്ചർ നിർമ്മാണ പ്രദർശനമായ ഇന്ത്യവുഡ് 2026 ഫെബ്രുവരി 26ന് ബംഗളൂരുവിലെ ബിഐഇസിൽ ആരംഭിക്കും. മാർച്ച് 2 വരെ പ്രദർശനം നീളും. ന്യുറൻബർഗ് മെസ്സെ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ, യൂറോപ്യൻ ഫെഡറേഷൻ ഓഫ് വുഡ്വർക്കിംഗ് മെഷിനറി മാനുഫാക്ചറേഴ്സ്ന്റെ പിന്തുണയോടെ സംഘടിപ്പിക്കുന്ന ഈ വർഷത്തെ പ്രദർശനം ഇതുവരെ നടന്നതിൽ ഏറ്റവും വലുതാണെന്ന് സംഘാടകർ വ്യക്തമാക്കി. 50ലധികം രാജ്യങ്ങളിൽ നിന്നുള്ള 1,000ത്തിലധികം ബ്രാൻഡുകൾ 85,000 ചതുരശ്ര മീറ്റർ വിസ്തൃതി ഉൾക്കൊള്ളുന്ന പ്രദർശനത്തിൽ പങ്കെടുക്കുന്നു. 90,000ത്തിലധികം വ്യവസായ വിദഗ്ധർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ. ഇന്ത്യയുടെ നിർമ്മാണ ശേഷിയിലുള്ള ആഗോള ആത്മവിശ്വാസത്തിന്റെ തെളിവാണിതെന്ന് സംഘാടകർ പറയുന്നു. ഇന്ത്യവുഡ് 2026 ഇന്ത്യൻ വ്യവസായത്തിന്റെ വളരുന്ന പ്രാവീണ്യവും ആഗോള ലക്ഷ്യബോധവും പ്രകടിപ്പിക്കുന്നതാണെന്ന് ന്യുറൻബർഗ് മെസ്സെ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സോണിയ പ്രസാർ പറഞ്ഞു.

## ജിയോബിപി 'ആക്റ്റീവ്' ടെക്നോളജി പെട്രോൾ അവതരിപ്പിച്ചു

**കോച്ചി:** ജിയോബിപി പുതിയ 'ആക്റ്റീവ്' ടെക്നോളജി പെട്രോൾ പുറത്തിറക്കി. ശക്തമായ എൻജിൻ ക്ലീൻഅപ്പ് പ്രക്രിയയും വാർഷികമായി 100 കിലോമീറ്റർ വരെ അധിക യാത്രാ ദൂരം ലഭിക്കുമെന്നതാണ് കമ്പനിയുടെ വാഗ്ദാനം ഗോവയിൽ നടന്ന ഇന്ത്യ എനർജി വീക്ക് 2026ൽ പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി ജിയോബിപി സ്റ്റാൾ സന്ദർശിക്കുന്നതിനോടനുബന്ധിച്ചായിരുന്നു പുതിയ ഇന്ധന സാങ്കേതികവിദ്യയുടെ പ്രദർശനം. എൻജിൻയുടെ നിർണായക ഭാഗങ്ങളിൽ അടിഞ്ഞുകിടക്കുന്ന നിക്ഷേപങ്ങൾ നീക്കം ചെയ്ത് പ്രകടനവും വിശ്വാസ്യതയും മെച്ചപ്പെടുത്തുകയും കൂടുതൽ മിനുസമുള്ള യാത്ര ഉറപ്പാക്കുകയും ചെയ്യുന്നതാണ് ഈ പെട്രോളിന്റെ സവിശേഷതയെന്നും കമ്പനി അധികൃതർ അവകാശപ്പെടുന്നു. ബി.പി യുടെ ശതാബ്ദീയ ഇന്ധന ഗവേഷണ പാരമ്പര്യത്തെ ആധാരമാക്കി വികസിപ്പിച്ച ഈ ഫോർമുല 4,000 കിലോമീറ്ററിലധികം കോയമ്പത്തൂർ ട്രാക്കിൽ നടത്തിയ മോട്ടോർസൈക്കിൾ പരീക്ഷണങ്ങൾ ഉൾപ്പെടെ പരിശോധനകൾക്ക് വിധേയമാക്കിയിട്ടുണ്ട്. ഇന്ത്യൻ വാഹനയാത്രികർക്കായി കൂടുതൽ ശുദ്ധവും കാര്യക്ഷമവുമായ എൻജിൻ പ്രകടനം ഉറപ്പാക്കുന്നതിലാണ് ഈ പുതുമയുടെ ലക്ഷ്യമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## പിഎംഇ-ഡ്രൈവ് സർട്ടിഫൈഡ് ഇലക്ട്രിക് ട്രക്കുമായി മോൺട്ര ഇലക്ട്രിക്

**കൊച്ചി:** മുരുഗപ്പ ഗ്രൂപ്പിന്റെ ഭാഗമായ മോൺട്ര ഇലക്ട്രിക് പിഎം ഇ-ഡ്രൈവ് സർട്ടിഫൈഡ് ഇലക്ട്രിക് ട്രക്ക് പുറത്തിറക്കി. മോൺട്ര ഇലക്ട്രിക് ചെയർമാൻ അരുൺ മുരുഗപ്പൻ ആദ്യത്തെ പിഎം ഇ-ഡ്രൈവ് സർട്ടിഫൈഡ് റിനോ 5538 ഇവിയുടെ ഫ്ളാഗ് ഓഫ് നടത്തി. ഇന്ത്യാ ഗവൺമെന്റിന്റെ പിഎം ഇ-ഡ്രൈവ് സ്കീമിന് കീഴിൽ സർട്ടിഫിക്കേഷൻ ലഭിച്ച രാജ്യത്തെ ആദ്യത്തെ ഹെവിഡ്യൂട്ടി ഇലക്ട്രിക് ട്രക്ക് നിർമ്മാതാവായി മാറുന്നതിലൂടെ രാജ്യത്തെ ക്ലീൻ മൊബിലിറ്റി യാത്രയിൽ ഒരു സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഈ നേട്ടത്തിന്റെ ഭാഗമായി. രാജ്യത്തെ ആദ്യത്തെ പിഎം ഇ-ഡ്രൈവ് സർട്ടിഫൈഡ് ഇലക്ട്രിക് ഹെവി ട്രക്ക്, റൈനോ 5538 ഇവി 6X4 ട്രാക്ടർ ട്രെയിലർസിമന്റ്, റെഡിമിക്സ് കോൺക്രീറ്റ് കമ്പനിയായ അൾട്രാടെക് സിമന്റ് ലിമിറ്റഡിന് കമ്പനി കൈമാറി.

## 'ഒരു ഫുട്ബോൾ ഭ്രാന്തന്റെ ഡയറി' പ്രകാശനം 5ന്

**കൊച്ചി:** സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2018ലെ മികച്ച സ്പോർട്സ് പുസ്തകത്തിനുള്ള അവാർഡ് നേടിയ ഒരു ഫുട്ബോൾ ഭ്രാന്തന്റെ ഡയറി എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ് പുറത്തിറങ്ങുന്നു. ഫെബ്രുവരി 5ന് വൈകുന്നേരം 5 മണിക്ക് എറണാകുളം കാരിക്കാമുറിയിലുള്ള എസ്.എം.ആർ.ഐയിൽ വച്ചാണ് പ്രകാശന ചടങ്ങ്. പുസ്തക പ്രകാശനത്തോടനുബന്ധിച്ച് ഇന്ത്യൻ ഫുട്ബോൾ: ഇങ്ങനെ പോയാൽ എങ്ങനാ എന്ന വിഷയത്തിൽ പ്രത്യേക ചർച്ചയും സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോളിന്റെ നിലവിലെ അവസ്ഥ, ഭാവി സാധ്യതകൾ, നേരിടുന്ന വെല്ലുവിളികൾ എന്നിവയെക്കുറിച്ച് കായിക വിദഗ്ധരും ആരാധകരും ചർച്ചയിൽ സംവദിക്കും. ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ ജന്മദിനാഘോഷവും പരിപാടിയുടെ ഭാഗമായി നടക്കും. ഫുട്ബോൾ ആരാധകർക്കും കായിക മേഖലയിൽ താൽപര്യമുള്ളവർക്കും ചടങ്ങിൽ പങ്കെടുക്കാമെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 8139005259

സൊസൈറ്റി ടുഡേ SOCIETY TODAY

# അന്താരാഷ്ട്ര ആയുർവേദ ആൻഡ് വെൽനസ് കോൺക്ലേവിന് തുടക്കം



**തിരുവനന്തപുരം:** അനുകൂല കാലാവസ്ഥ, ജൈവവൈവിധ്യം, പാരമ്പര്യ അറിവുകളുടെ അടിത്തറ, ചികിത്സകരുടെ വിപുലമായ ശൃംഖല എന്നിവയിലൂടെ ആയുർവേദത്തിന്റെ ആസ്ഥാനമായി കേരളം അന്താരാഷ്ട്ര അംഗീകാരം നേടിയതായി  മന്ത്രി പി എ മുഹമ്മദ് റിയാസ്. കേരള ടൂറിസം വകുപ്പും ആയുർവേദ പ്രമോഷൻ സൊസൈറ്റിയും ചേർന്ന് സംഘടിപ്പിച്ച അന്താരാഷ്ട്ര ആയുർവേദ ആൻഡ് വെൽനസ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആയുർവേദത്തെ ടൂറിസത്തിലേക്ക് ചുരുക്കാതെ, ഗവേഷണപരവും ജനകേന്ദ്രീകൃതവുമായ ആരോഗ്യ സംവിധാനമായി ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയാണ് കേരളത്തിന്റെ നയം. കോൺക്ലേവിനൊപ്പം ആരംഭിച്ച ഇന്റർനാഷണൽ ആയുർവേദ ആൻഡ് യോഗ അംബാസഡേഴ്സ് ടൂർ കേരളത്തിന്റെ വെൽനസ് മൂല്യങ്ങൾ വിശ്വാസ്യതയോടെ ലോകമാകെ എത്തിക്കുന്നതിനുള്ള ഇടപെടലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ആയുർവേദത്തിന്റെയും വെൽനസ് സംവിധാനത്തിന്റെയും അന്താരാഷ്ട്ര കേന്ദ്രമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. ഹോട്ടൽ ട്രിപ്പന്റയിൽ നടന്ന ചടങ്ങിൽ മേയർ ഒ സദാശിവൻ അധ്യക്ഷനായി. ടൂറിസം പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ ബിജു മുഖ്യ പ്രഭാഷണം നടത്തി.

ടൂറിസം വകുപ്പ് ഡയറക്ടർ ശിഖ സുരേന്ദ്രൻ, സംഘാടക സമിതി ചെയർമാൻ സജീവ് കുറുപ്പ്, സമിതി ഭാരവാഹികളായ പി മാധവൻകുട്ടി വാര്യർ, ബേബി മാത്യു സോമതീരം, മലബാർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റുമാരായ നിത്യാനന്ദ കമ്മത്ത്, എ പി അബ്ദുള്ളക്കുട്ടി, മലബാർ ടൂറിസം സോസൈറ്റി സെക്രട്ടറി ജിഹാദ് ഹുസൈൻ തുടങ്ങിയവർ സംസാരിച്ചു. ആയുർവേദ വെൽനസ് മേഖലയിൽ മികവ് തെളിയിച്ചവരെ ചടങ്ങിൽ ആദരിച്ചു.

# സലാഹുദ്ദീൻ അദ്നാൻ ബ്ലാസ്റ്റേഴ്സിൽ



**കൊച്ചി:** മലയാളി താരം സലാഹുദ്ദീൻ അദ്നാനെ സ്വന്തമാക്കി കേരള ബ്ലാസ്റ്റേഴ്സ്. മോഹൻ ബഗാൻ സൂപ്പർ ജയന്റിൽ നിന്നാണ് ഈ വിങ്ങർ ബ്ലാസ്റ്റേഴ്സിലെത്തുന്നത്. മുമ്പ് ബ്ലാസ്റ്റേഴ്സ് യൂത്ത് സിസ്റ്റത്തിന്റെ ഭാഗമായിരുന്ന സലാഹുദ്ദീന്റെ പഴയ തട്ടകത്തിലേക്ക് ഉള്ള തിരിച്ചു വരവ് കൂടിയാണിത്, സലാഹുദ്ദീന്റെ വരവ് ടീമിന്റെ ആക്രമണ നിരയ്ക്ക് പുതിയ ഉണർവ് നൽകും. വേഗതയേറിയ കളിശൈലിയും കളിക്കളത്തിലെ കഠിനാധ്വാനവും ആണ് വിങ്ങുകളിൽ സലാഹുദ്ദീനെ ശ്രദ്ധേയനാക്കുന്നത്. പ്രതിരോധക്കാരെ മറികടന്ന് മുന്നേറാനും അവസരങ്ങൾ സൃഷ്ടിക്കാനുമുള്ള അദ്ദേഹത്തിന്റെ മികവ് ടീമിന്റെ മുന്നേറ്റങ്ങളിൽ ഗുണകരമാകും. സലാഹുദ്ദീനെ വീണ്ടും കേരള ബ്ലാസ്റ്റേഴ്സിലേക്ക് സ്വാഗതം ചെയ്യുന്നതിൽ സന്തോഷമുണ്ടെന്നും കഠിനാധ്വാനം ചെയ്യാൻ താൽപ്പര്യമുള്ള യുവതാരമാണ് അദ്ദേഹമെന്നും കേരള ബ്ലാസ്റ്റേഴ്സ് സിഇഒ അഭിക് ചാറ്റർജി പറഞ്ഞു.

# ചൂസ് ഫ്രാൻസ് ടൂർ 2026 അവതരിപ്പിച്ചു

**കൊച്ചി:** മാർവാഡി സർവ്വകലാശാല രാജ്കോട്ടിൽ സംഘടിപ്പിച്ച റീജണൽ ചൂസ് ഫ്രാൻസ് ടൂർ 2026 ഇന്ത്യയിൽ നിന്നുള്ളവരുടെ ആഗോള തലത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്ന സുപ്രധാന ചുവടുവെപ്പായി മാറി. മുതിർന്ന ഫ്രഞ്ച നയതന്ത്ര ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ വിദഗ്ദ്ധർ, 18 മുൻനിര ഫ്രഞ്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ബിരുദ തലം മുതൽ മുകളിലേക്കുള്ള ആയിരത്തിലേറെ വിദ്യാർത്ഥികളാണ് ഇതിൽ പങ്കാളികളായത്. ഫ്രാൻസിലെ നടപടിക്രമങ്ങൾ സംബന്ധിച്ച പ്രത്യേകമായ സെഷനുകൾ, വ്യക്തിഗത കൗൺസിലിങ് തുടങ്ങിയവയെല്ലാം  സംഘടിപ്പിച്ചിരുന്നു.

# ത്രിദിന സാഹിത്യ സംഗമവുമായി കൊച്ചി ബിനാലെ

**കൊച്ചി:** മലയാള ചെറുകഥാശാഖയെ അടിസ്ഥാനമാക്കി കൊച്ചി ബിനാലെ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന മൂന്നു ദിവസത്തെ സാഹിത്യ സംഗമം 'ചെറുകഥയുടെ ഉള്ളറകൾ' ഫെബ്രുവരി 4 മുതൽ 6 വരെ ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവിലെ പവലിയനിൽ നടക്കും. സാമൂഹിക മാറ്റങ്ങളും രാഷ്ട്രീയ സാഹചര്യങ്ങളും ജീവിതാനുഭവങ്ങളും എങ്ങനെ ചെറുകഥ ശാഖയെ സ്വാധീനിക്കുന്നുവെന്ന് സംഗമം ചർച്ച ചെയ്യും. എഴുത്തുകാരൻ എൻ.എസ്. മാധവൻ നടത്തുന്ന മുഖ്യപ്രഭാഷണത്തോടെയാണ് ഫെബ്രുവരി നാല് ബുധനാഴ്ച പരിപാടികൾക്ക് തുടക്കമാകുന്നത്. തുടർന്ന് പോൾ സക്കറിയയും വി.എസ്. അജിത് കുമാറും തമ്മിലുള്ള സംഭാഷണം നടക്കും.

'റൈറ്റിംഗ് ദി മൊമെന്റ്: ചെറുകഥയും സമകാലിക അനുഭവങ്ങളും' എന്ന പാനൽ ചർച്ചയിൽ എസ്. ഹരീഷ്, ഫ്രാൻസിസ് നൊറോണ, ഹരിത സാവിത്രി, ഷാഹിന കെ. റഫീഖ്, ബോണി തോമസ് തുടങ്ങിയവർ പങ്കെടുക്കും. അശ്വതി ഗോപാലകൃഷ്ണനാണ് ഈ ചർച്ച നിയന്ത്രിക്കുന്നത്. ഫെബ്രുവരി 5ന് നോവലിസ്റ്റ് സാറാ ജോസഫും സംഗീത ശ്രീനിവാസനും തമ്മിലുള്ള സംഭാഷണം നടക്കും. കഥയുടെ ഘടന, ഭാഷ, സൂക്ഷ്മത എന്നിവയെ ആസ്പദമാക്കി നടക്കുന്ന പാനൽ ചർച്ചയിൽ എം. നന്ദകുമാർ, ആർ. ശ്യാംകൃഷ്ണൻ, ആഷ് അഷിത തുടങ്ങിയവരാണ് പങ്കെടുക്കുന്നത്.

പ്രിയ കെ. നായർ മോഡറേറ്ററാകും. സമാപന ദിവസമായ ഫെബ്രുവരി 6ന് ഓർമ്മ, വിവർത്തനം, പ്രചാരം എന്നിവയെ മുൻനിർത്തി നടക്കുന്ന ചർച്ചയിൽ സി.എസ്. ചന്ദ്രിക, എൻ.എസ്. മാധവൻ, ഇ. സന്തോഷ് കുമാർ തുടങ്ങിയവരാണ് സംസാരിക്കുന്നത്. ഷാഹിന കെ. റഫീഖാണ് ചർച്ചയുടെ മോഡറേറ്റർ. മാറുന്ന സാഹിത്യ സാഹചര്യങ്ങളിൽ മലയാള ചെറുകഥയുടെ വിവർത്തന സാധ്യതകളും വായനക്കാരിലേക്കെത്തുന്നതും സെഷൻ വിലയിരുത്തും.

KOCHI BIENNALE FOUNDATION

